നബാർഡ് ധനസഹായത്തോടെ എൽ. പി., യു. പി. സ്കൂൾ കെട്ടിട നിർമ്മാണം

16 [5735] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് ധനസഹായത്തോടെ സംസ്ഥാനത്തെ എൽ. പി., യു. പി. സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്ത് പ്രൈമറി സ്കൂളുകൾക്ക് ക്ലാസ്സുമുറികൾ നിർമ്മിക്കുന്നതിനുവേണ്ടി നബാർഡ് സഹായത്തോടെ "ആർ. ഐ. ഡി. എഫ്. -8 ", "ആർ. ഐ. ഡി. എഫ്.-9"എന്നീ പദ്ധതികൾപ്രകാരം യഥാക്രമം 16 കോടി രൂപയും 20 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 16 കോടി രൂപയ്ക്കുള്ള നിർദ്ദേശം നബാർഡിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകാരമായിട്ടില്ല. ആയതിനാൽ പദ്ധതി തുടങ്ങിയിട്ടില്ല. 20 കോടി രൂപയ്ക്കുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

മലപ്പുറം ജില്ലയിൽ എച്ച്. എസ്. എ. (മാത്ത്സ്) തസ്തികയിൽ നിയമനം

17 [5762] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ എച്ച്. എസ്. എ. (മാത്ത്സ്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് അതിനുള്ള കാരണം;

(സി) ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) എച്ച്. എസ്. എ. (മാത്ത്സ്) തസ്തികയിൽ നിലവിലുള്ള പി.എസ്. സി. ലിസ്റ്റിൽനിന്നും എന്നാണ് അവസാന നിയമനം നടത്തിയിട്ടുള്ളത്;

(ഇ) കഴിഞ്ഞ കുറേ മാസങ്ങളായി എച്ച്. എസ്. എ. (മാത്ത്സ്) തസ്തികയിൽ നിയമനം നടത്താതിരിക്കുന്നുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഒഴിവുകൾ നിലവില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 25-1-2003-ൽ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly